അധ്യാപകന്റെ പേര് :
വിദ്യാലയത്തിന്റെ പേര് :
വിഷയം : **മലയാളം**
യൂണിറ്റ് : **1 കനകച്ചിലങ്ക**

**മോഡ്യൂൾ 1**
സമയം :
തീയ്യതി :

**പഠന ലക്ഷ്യം**

- സാഹിത്യ രചനകൾ (കവിത) വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക. ആസ്വദിച്ച കാര്യങ്ങൾ വിവിധവ്യവഹാര രൂപങ്ങളിലൂടെ (ചിത്രീകരണം) രസകരമായി അവതരിപ്പിക്കുക.
- അപരിചിത പദങ്ങൾ, പ്രയോഗങ്ങൾ എന്നിവയുടെ അർത്ഥവും ആശയവും സന്ദർഭങ്ങളിൽ നിന്നും കണ്ടെത്തുക പുതിയ സന്ദർഭങ്ങളിൽ ഉചിതമായ പ്രയോഗിച്ചു രസിക്കുക.

**പഠനോപകരണങ്ങൾ**

- കവിതയുടെ (കാക്കിരി പൂക്കിരി) ഓഡിയോ ക്ലിപ്പ്, ബ്ലൂടൂത്ത് സ്പീക്കർ, വരികൾ ചാർട്ട്/ppt slide,രാമകൃഷ്ണൻ കുമാരനെല്ലൂരിന്റെ ചിത്രം,അദ്ദേഹത്തെ പറ്റിയുള്ള ലഘു വിവരണം ചാർട്ട് /ppt, തൂവൽ എന്ന കൃതി, കാക്കിരി പൂക്കിരി കവിതയുടെ പ്രിന്റൗട്ട്,പുറംചുവർ പ്രദർശനം ബോർഡ്.

**പ്രതീക്ഷിത പഠനം തെളിവുകൾ**

- കുട്ടികൾ കവിത ചൊല്ലുന്നതിന്റെ ഓഡിയോ/ വീഡിയോ, എഴുത്തുകാരന്റെ ചിത്രവും ലഘു ജീവചരിത്രവും, കുട്ടികളെ A4 പേപ്പറിൽ തയ്യാറാക്കിയ ചിത്രീകരണം.

| പഠന പ്രവർത്തനങ്ങൾ | പ്രതികരണം |
|---|---|
| അധ്യാപകനും കുട്ടികളും മാന്തോപ്പിലേക്ക് പോകുന്നു (കാലാവസ്ഥ അനുകൂലമെങ്കിൽ. പ്രതികൂല കാലാവസ്ഥയാണെങ്കിൽ മനോഹരമായ തേന്മാവിന്റെ കട്ടൗട്ട് ക്ലാസ്സിൽ ഒരുക്കണം.) തുടർന്ന് വിശേഷങ്ങൾ പങ്കുവയ്ക്കുന്നു.<br>• അവധിക്കാലത്ത് പോയ സ്ഥലങ്ങൾ<br>• ആസ്വദിച്ച മനോഹര കാഴ്ചകൾ<br>• ആസ്വദിച്ച കളികൾ സിനിമകൾ ഭക്ഷണങ്ങൾ മധുര പലഹാരങ്ങൾ etc<br>• ഹായ്! കൂട്ടരേ ഇങ്ങോട്ട് നോക്കൂ. ഇതേതാ മരം? നിങ്ങളുടെ വീട്ടിൽ ഉണ്ടോ? മാമ്പഴം കഴിച്ചോ? etc<br>(15 മിനിറ്റ് )<br><br>തുടർന്ന് അധ്യാപകൻ എല്ലാ കുട്ടികൾക്കും മാമ്പഴം രുചിക്കാനുള്ള അവസരം നൽകുന്നു.കുട്ടികൾ മാമ്പഴം കഴിച്ചാസ്വദിക്കുന്ന സമയത്ത് അധ്യാപകൻ ബ്ലൂടൂത്ത് സ്പീക്കറിൽ കാക്കിരി പൂക്കിരിയെന്ന കവിത ചൊല്ലി കേൾപ്പിക്കുന്നു. (10 മിനിറ്റ് )<br><br>തുടർന്ന് അധ്യാപകൻ കാക്കിരി പൂക്കിരി കവിതയിലെ വരികൾ ചാർട്ടിൽ / PPT ആയി കാണിക്കുന്നു.ഈ കവിത നമുക്ക് ഒന്ന് ചൊല്ലി നോക്കിയാലോ? ആരാണ് ചൊല്ലുക? കുട്ടികൾക്ക് അവസരം നൽകുന്നു. (5 മിനിറ്റ് )<br><br>കവിത ചെല്ലുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം? | |

| | |
|---|---|
| എന്തൊക്കെ ശ്രദ്ധിച്ചാൽ ആണ് കവിത മനോഹരമാവുക?<br>കുട്ടികൾ പറയുന്നു. കവിതാലാപനം സൂചകങ്ങൾ അധ്യാപകൻ ചാർട്ടിൽ രേഖപ്പെടുത്തുന്നു.<br>സൂചകങ്ങൾ കുട്ടികളിൽ നിന്നും വരാൻ വേണ്ട ഇടപെടലുകൾ വേണമെങ്കിൽ യഥാസമയം അധ്യാപകൻ നൽകണം.<br><br>കവിതാലാപനം -- സൂചകങ്ങൾ  മാതൃക<br>• ഈണത്തിൽ ചൊല്ലണം<br>• താളം പിടിച്ചു ചൊല്ലണം<br>• ഉച്ചാരണം ശരിയായിരിക്കണം<br>• ആവശ്യമായ ഭാവഹാവാദികൾ വേണം<br>• ..............................................................<br><br>കാക്കിരി പൂക്കിരി എന്ന കവിത ഒന്ന് ചൊല്ലി നോക്കട്ടെ.<br>തുടർന്ന് കുട്ടികൾക്ക് വിവിധ മാങ്ങകളുടെ സ്ലിപ്പ് നൽകി.<br>അതനുസരിച്ച് കുട്ടികൾ ഗ്രൂപ്പ് തിരിയട്ടെ.<br>• മൂവാണ്ടൻ<br>• ഗോമാങ്ങ<br>• കിളിച്ചുണ്ടൻ<br>• ചകിരി മാങ്ങ<br>• മൽഗോവ<br>ഓരോരുത്തരും ഗ്രൂപ്പിൽ അവരുടെ ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു. സൂചകങ്ങൾ വച്ച് ഗ്രൂപ്പ് അംഗങ്ങൾ വിലയിരുത്താൻ നിർദ്ദേശങ്ങൾ നൽകുന്നു.<br><br>• തുടർന്ന് കുട്ടികൾ ഗ്രൂപ്പായി കാക്കിരി പൂക്കിരി  കവിത | |

ഒപ്പം
കൂട്ടായ്മ
മൂന്നാം ക്ലാസ്
എടപ്പാൾ ഉപജില്ല

നന്നായി ചൊല്ലി പരിശീലിക്കുന്നു.

- ശേഷം ഓരോ ഗ്രൂപ്പായി വന്ന് പൊതുവായി അവതരിപ്പിക്കുന്നു.
- മറ്റു ഗ്രൂപ്പുകൾ വിലയിരുത്തി സംസാരിക്കുന്നു.
- തുടർന്ന് അധ്യാപകൻ താളം പിടിച്ച് ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.
- കുട്ടികൾ ഏറ്റു ചൊല്ലുന്നു.
- അധ്യാപകന്റെ കവിതാലാപനത്തെ കുട്ടികൾ വിലയിരുത്തി സംസാരിക്കട്ടെ.

(ഓരോ ഗ്രൂപ്പിന്റെയും അവതരണവും ടീച്ചറുടെ അവതരണവും വീഡിയോ റെക്കോർഡ് ചെയ്യണം. നവമാധ്യമങ്ങളിൽ ഷെയർ ചെയ്യണം.ഏറ്റവും മികച്ച ഗ്രൂപ്പ് അവതരണം പ്രഭാത സർഗ്ഗ വേളയിൽ അല്ലെങ്കിൽ അസംബ്ലിയിൽ അവതരിപ്പിക്കണം. വീഡിയോ നവമാധ്യമത്തിൽ ഷെയർ ചെയ്യുക.)

തുടർന്ന് രാമകൃഷ്ണൻ കുമരനെല്ലൂരിന്റെ ചിത്രവും ലഘു ജീവചരിത്രവും ചാർട്ടിലോ/PPT യിലോ പ്രദർശിപ്പിക്കുന്നു. ലഘു ചർച്ച നടത്തുന്നു. കൃതി കാണിക്കുന്നു.

തുടർന്ന് കവിതയുടെ പ്രിന്റൗട്ട് ഓരോരുത്തർക്കും നൽകുന്നു. അവർ അവർക്ക് പറ്റുന്ന വിധത്തിൽ കവിതയ്ക്ക് യോജിച്ച ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു. വരച്ച ചിത്രങ്ങൾ പുറം ചുമർ പ്രദർശന ബോർഡിൽ പ്രദർശിപ്പിക്കുന്നു. പിന്നീട് മാസിക യാകുന്നു.

ഒപ്പം കൂട്ടായ്മ
മൂന്നാം ക്ലാസ്
എടപ്പാൾ ഉപജില്ല

| **തുടർ പ്രവർത്തനം** | |
|---|---|
| • കവിതാലാപനം സൂചകങ്ങൾ രേഖപ്പെടുത്തി വയ്ക്കുക.<br>• നവമാധ്യമത്തിൽ പോസ്റ്റ് ചെയ്ത കവിതാലാപന വീഡിയോ ആസ്വദിക്കൽ.<br>• പ്രഭാത സർഗ്ഗ വേള/ അസംബ്ലിയിൽ അവതരണം.<br>• രാമകൃഷ്ണൻ കുമരനല്ലൂർ ലഘു ജീവചരിത്രം നോട്ടിൽ എഴുതി വയ്ക്കൽ.<br>• കുട്ടികൾ വരച്ച ചിത്രങ്ങൾ പുറം ചുമർ പ്രദർശന ബോർഡിൽ പ്രദർശിപ്പിക്കൽ.<br>• മാസിക തയ്യാറാക്കാൻ | |

| **മൊഡ്യൂൾ 1:- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്കായി നൽകിയ പ്രവർത്തനങ്ങൾ.** | |
|---|---|
| **പഠനപ്രവർത്തനം** | **പ്രതികരണം** |
| | |

**Signature of HM** **Signature of Teacher**

ഒപ്പം
കൂട്ടായ്മ
മൂന്നാം ക്ലാസ്
എടപ്പാൾ ഉപജില്ല